# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1219** **12.06.2014 ൽ മറുപടിക്ക്**

**എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) നിലവിൽ സപ്ലൈകോയുടെ വിൽപ്പന ശാലകളില്ലാത്ത 59 പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മാവേലി സ്റ്റോർ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ 5 വർഷത്തേയ്ക്ക് 500 ച.അടിയിൽ കുറയാത്ത വാടകരഹിത വാർക്ക കെട്ടിടവും കമ്പ്യൂട്ടറിനും അനുബന്ധ സാമഗ്രികൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും രണ്ടാമത്തെ മാവേലി സ്റ്റോറിനായി മാവേലി സ്റ്റോർ നിലനിൽക്കുന്ന കാലത്തോളം വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കണമെന്നാണ് വ്യവസ്ഥ. |
| (സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് അഭിപ്രായം അറിയിക്കുന്നതിന് എല്ലാ മേഖല മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ ഇവ ആരംഭിക്കുന്നതിനായി നിർദ്ദേശം ക്ഷണിച്ചുകൊണ്ട് കത്തുകൾ നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതിമൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) നിലവിൽ കേരളത്തിലെ 90 ശതമാനത്തിലധികം പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നതുകൊണ്ട് പൊതു വിപണിയിലെ വിലവർദ്ധന ഫലപ്രദമായി നിയന്ത്രിക്കുന്നതിന് സപ്ലൈകോയ്ക്ക് കഴിയുന്നുണ്ട്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതോടെ പൊതുവിപണിയിലെ വില വർദ്ധന ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കാനാകും. |

Beena

**സെക്ഷൻ ഓഫീസർ**